## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *532** **26.10.2016-ൽ മറുപടിയ്ക്ക്**

## ഭവനരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണ പദ്ധതി

**ചോദ്യം**
ശ്രീ.വി. അബ്ദുറഹിമാൻ
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.കെ. ബാബു

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഭവന രഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി, ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതി, ഇ.എം.എസ് പദ്ധതി എന്നീ പദ്ധതികൾ പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതിയ വീട് അനുവദിച്ചുവരുന്നു. |
| ബി) | ഇപ്രകാരമുള്ള ഓരോ വീടിനും എത്ര രൂപയാണ് നൽകുന്നതെന്നും പ്രസ്തുത തുക എത്ര ഗഡുക്കളായാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾക്കുള്ള ഗ്രാന്റ് തുക 01.04.2015 മുതൽ 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 4 ഗഡുക്കളായാണ് നിലവിൽ ഭവനനിർമ്മാണ ഗ്രാന്റ് നൽകി വരുന്നത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><th>ക്രമ നമ്പർ</th><th>ഇൻസ്റ്റാൾമെന്റ്</th><th>ശതമാനം</th><th>വ്യവസ്ഥ</th><th>തുക</th></tr>
<tr><td>1</td><td>1</td><td>15</td><td>അടിത്തറ പൂർത്തികരിക്കൽ</td><td>52,500/-</td></tr>
<tr><td>2</td><td>2</td><td>30</td><td>ബെൽറ്റ്, ഭിത്തി നിർമ്മാണം പൂർത്തീകരിക്കൽ</td><td>1,05,000/-</td></tr>
<tr><td>3</td><td>3</td><td>40</td><td>ലിന്റിൽ ലെവൽ പൂർത്തീകരണം</td><td>1,40,000/-</td></tr>
<tr><td>4</td><td>4</td><td>15</td><td>മൊത്തം പണി പൂർത്തീകരിക്കൽ</td><td>52,500/-</td></tr>
</table>
</td></tr>
<tr><td>സി)</td><td>വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധാരണം നടത്തുന്നതിനും അധിക മുറികൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;</td><td>സി)</td><td>ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം 6 വർഷം മുമ്പ് അനുവദിച്ചതും, നിലവിൽ പണി പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ അനുവദിക്കുന്നു. 12 വർഷം മുമ്പ് അനുവദിച്ചതും, പുതുക്കി പണിയാൻ സാധ്യമാകാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാക്രമത്തിൽ പുതിയ വീടുകൾ അനുവദിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുൻവർഷങ്ങളിൽ അനുവദിച്ച് നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണി/നവീകരണം, അധിക മുറികൾ</td></tr>
</table>

| | | | |
|---|---|---|---|
| | | | നിർമ്മാണം എന്നിവയ്ക്കായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു. |
| ഡി) | 2016-17 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ എത്ര കുടുംബങ്ങളെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | നടപ്പു സാമ്പത്തിക വർഷം 5000 കുടുംബങ്ങളെ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ